അച്ചടിച്ച വശമൊന്നിന് 40 രൂപ എന്ന നിരക്കാണ് കേന്ദ്ര ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്നത്. 1977 നു മുമ്പു ഈ ഇനത്തിലുള്ള തുക ബുക്ക് അഡ്ജസ്റ്റുമെൻറ് പ്രകാരം അക്കൗണ്ടൻറ് ജനറൽ വഴിക്കാണ് ലഭിച്ചിരുന്നത്. 1977 മുതലാണ് ഈ ഇനത്തിലുള്ള തുക ഡിമാൻറ് ഡ്രാഫ്റ്റായി ലഭിച്ചു തുടങ്ങിയത്. 1977ൽ ഈ ഇനത്തിൽ 16,310 രൂപ ലഭിച്ചിട്ടുണ്ട്. 1977 നു ശേഷം ഈ ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. വിജ്ഞാപനങ്ങളും മലയാളത്തിൽ വിവർത്തനം ചെയ്തു അച്ചടിക്കുന്നതിനു വേണ്ടി കേന്ദ്രം തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) ഗവൺമെൻറു പ്രസ്സിലാണ് അച്ചടിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേന്ദ്ര ഗവൺമെൻറു ഇന്നയിന്ന കാര്യങ്ങളും മലയാളത്തിലാക്കണമെന്നു നിർദ്ദേശിക്കുകയാണോ അതോ മലയാളത്തിലാക്കണമെന്നുള്ള ആവശ്യം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുകയാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേന്ദ്ര ഗവൺമെൻറു പറയുന്നതനുസരിച്ചാണ് വിവർത്തനങ്ങളും ചെയ്യുന്നതും അച്ചടിക്കുന്നതും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്നയിന്നതെല്ലാം മലയാളത്തിലാക്കണമെന്നു നമ്മുടെ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും നിർദ്ദേശം ഉണ്ടാകാറുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രാദേശിക തലത്തിൽ അറിയിക്കേണ്ട വിവരങ്ങളെല്ലാം പരിഭാഷപ്പെടുത്തണമെന്നു ആവശ്യപ്പെടാറുണ്ട്, അതെല്ലാം പരിഭാഷപ്പെടുത്താറുണ്ട്, അച്ചടിക്കാറുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെ ആവശ്യപ്പെട്ടതിൽ ഏതെങ്കിലും മലയാളത്തിലാക്കാൻ സാദ്ധ്യമല്ലെന്നുള്ള നിലപാടു കേന്ദ്ര ഗവൺമെൻറു സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു പരിശോധിച്ചു പറയാം.

ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി

*405 [429] ശ്രീ. പി. കരുണാകരൻ:
ശ്രീ. പി. ആർ. ശിവൻ:
ശ്രീ. എം. കെ. കൃഷ്ണൻ:
ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി വീണ്ടെടുത്ത് അവർക്ക് നൽകുന്ന നിയമത്തിന് എന്നാണ് കേന്ദ്രാനുമതി കിട്ടിയത്;

(ബി) ഈ നിയമപ്രകാരം എത്ര ആദിവാസികൾക്കു അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് ഇതിനകം കൊടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) 11.11.1975-ൽ.

(ബി) ഈ നിയമപ്രകാരം ആർക്കും ഭൂമി വീണ്ടെടുത്തു കൊടുത്തിട്ടില്ല.

(സി) കേന്ദ്ര ഗവൺമെൻറു ഈ നിയമത്തിനു അനുമതി നൽകിയപ്പോൾ കേന്ദ്രത്തിലെ നിയമവകുപ്പിൻെറ ശുപാർശ പ്രകാരമുള്ള ചില ഭേദഗതികൂടി ഈ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് പരിഗണിക്കണമെന്നു അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത ഭേദഗതിയെക്കുറിച്ച് ഇതുവരേയും ഒരു അവസാന തീരുമാനമെടുത്തിട്ടില്ല. അതിനുവേണ്ടി നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികളുമായി ചില കൂടിയാലോചനകൾ നടത്തിയെങ്കിലും ഒരു വ്യക്തമായ നിർദ്ദേശമുണ്ടാകാത്തതിനാലാണ് ഇതിനെ സംബന്ധിച്ച് ഒരു അവസാനതീരുമാനമെടുക്കാത്തത്, ഈ പ്രതിനിധികളുമായി വീണ്ടുമൊരു കൂടിയാലോചന ഉടൻതന്നെ നടത്തുന്നതാണ്.

ശ്രീ. പി. കരുണാകരൻ: ഹരിജനങ്ങൾക്കും ആദിവാസികൾക്കും ഭൂമി കൊടുക്കാൻവേണ്ടി ഈ ഗവൺമെൻറു നിൽക്കുന്നു എന്നു പറയുകയും അതേ സമയം കേന്ദ്ര ഗവൺമെൻറിൻെറ അനുമതി ഈ നിയമത്തിന് ലഭിക്കുകയും ചെയ്തിട്ടും ഇതേവരെ ഒരാൾക്കും ഭൂമി കൊടുത്തിട്ടില്ലെന്നുള്ളത് യഥാർത്ഥത്തിൽ ഈ നിയമം ഒരു രാഷ്ട്രീയ പ്രചരണത്തിനു വേണ്ടി ഉപയോഗിച്ചു എന്നുള്ളതല്ലേ വസ്തുത?

ശ്രീ. ബേബിജോൺ: ഈ നിയമം രാഷ്ട്രീയ പ്രചരണത്തിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളതല്ല. ഈ നിയമത്തിൻെറ ആശയത്തെ ആർക്കും ചോദ്യം ചെയ്യാൻ സാധിക്കുകയില്ല. എന്നാൽ ചില പ്രായോഗികമായ ബുദ്ധിമുട്ടുകൾ, നിയമപരമായ തടസ്സങ്ങൾ എങ്ങനെ ഓവർകം ചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് സഭയിലെ എല്ലാ വിഭാഗങ്ങളുടേയും അഭിപ്രായം കണക്കിലെടുത്തുകൊണ്ട് ചെയ്യണമെന്നുള്ളതുകൊണ്ടാണ്.

ശ്രീ. പി. കരുണാകരൻ: കേന്ദ്രഗവൺമെൻറ് ചില ഭേദഗതികൾ സംബന്ധിച്ച് പരിശോധിക്കേണ്ടതാണെന്നു പറഞ്ഞു. ഏതു വകുപ്പു സംബന്ധിച്ച ഭേദഗതികളാണ്?

ശ്രീ. ബേബിജോൺ: സെക്ഷൻ 5, പൂർവ്വകാലപ്രാബല്യത്തെ സംബന്ധിച്ചാണ്. അതു നിലനിൽക്കുമോ എന്ന സംശയം കേന്ദ്ര ഗവൺമെൻറു പ്രകടിപ്പിച്ചിരുന്നു.

ശ്രീ. പി. ആർ. കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുമ്പോൾ ഭേദഗതി റിട്രോസ്പെക്റ്റീവ് ഇഫക്റ്റിനെ മാത്രം ബാധിക്കുന്നതാണെന്നു പറഞ്ഞു. റിട്രോസ്പെക്റ്റീവ് ഇഫക്റ്റിനെ മാത്രം ബാധിക്കുന്ന ഒരു ഭേദഗതിയാണ് കേന്ദ്ര ഗവൺമെൻറു പറഞ്ഞിട്ടുള്ളതെങ്കിൽ അതിനെ സംബന്ധിച്ച് രാഷ്ട്രീയ കക്ഷികളുടെ കൂടിയാലോചന നടത്തണമെന്നു ഉദ്ദേശിക്കുന്നതിൻെറ ആവശ്യം എന്താണ്? ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾ തടസ്സമുന്നയിച്ചിട്ടുണ്ടോ? എന്താണ് ഇതിനെ സംബന്ധിച്ച ഗവൺമെൻറിൻെറ നിലപാട്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: ഒരു രാഷ്ട്രീയ കക്ഷിയും ഇതു നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് തടസ്സമൊന്നും ഉന്നയിച്ചിട്ടില്ല. ഇതിൽ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്, നിയമപരമായ ബുദ്ധിമുട്ടുകളുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടു മാത്രമേ നമുക്കു അവസാന തീരുമാനമെടുക്കാൻ കഴിയൂ. അതുകൊണ്ടാണ് കാലതാമസം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ നിയമം പാസ്സാക്കിയത് അടിയന്തിരാവസ്ഥക്കാലത്താണെ്. പ്രതിപക്ഷ മെമ്പറൻമാർ ഒന്നുമില്ലാത്ത സന്ദർഭത്തിൽ ഞങ്ങടെ വലിയ ഒരു കാര്യം ചെയ്തു എന്നുള്ള രാഷ്ട്രീയ ഖ്യാതിക്കുവേണ്ടി ചെയ്തിട്ടുള്ളതാണിത്. ആ സമയത്ത് പ്രായോഗികതയെ സംബന്ധിച്ച് പരിശോധിച്ച് നിയമംകൊണ്ടുവരാൻ എന്തുകൊണ്ട് നടപടി എടുത്തില്ല, പ്രായോഗിക തടസ്സംനീക്കി നടപ്പിലാക്കാൻ എന്തുകൊണ്ട് കാലതാമസം ഉണ്ടാകുന്നു?

ശ്രീ. ബേബിജോൺ: നിയമനിർമ്മാണ സമയത്തു ആവശ്യമായ പഠനം നടത്തി. അതിനുശേഷം ഇംപ്ലിമെന്റേഷൻ സംബന്ധിച്ച് ആലോചിക്കുമ്പോഴാണ് ഇതിന്റെ പ്രായോഗികമായ ബുദ്ധിമുട്ടുകൾ കൂടുതൽ ബോദ്ധ്യമായത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു പ്രത്യേക കാലഘട്ടത്തിലുള്ള ഒരു നിയമനിർമ്മാണമായിരുന്നു. ആ കാലഘട്ടം കഴിഞ്ഞാൽ അതു നിൽക്കുമോ എന്നുള്ള കാര്യത്തിലും നിയമപരമായി നിൽക്കുമോ എന്നുള്ള കാര്യത്തിലും സംശയമുണ്ടായിരുന്നു. അതാണ് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച അഭിപ്രായം. അതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഗവൺമെന്റ് തീരുമാനമെടുക്കേണ്ടത്.

ശ്രീ. പി. പി. എസ് തോമസ്: ശ്രീമതി ഇന്ദിരാഗാന്ധി കൊണ്ടുവന്നതാണെന്നു പറഞ്ഞ് കഴിഞ്ഞ ദിവസം എന്റെ സ്നേഹിതൻ രാഘവൻ മാസ്റ്റർ ഊറ്റംകൊണ്ട അടിമവേല നിറുത്തലാക്കൽ നിയമവും ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചെടുക്കൽ ബില്ലും ഇന്നും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, അതിന്റെ അടിസ്ഥാനപരമായ കാരണങ്ങളും എന്താണെന്ന് കണ്ടുപിടിച്ച് അടിയന്തിരമായി അവ നടപ്പാക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ഈ നിയമം നടപ്പാക്കാനല്ലെന്ന ധാരണതെറ്റാണ്. ചില ഭേദഗതികളും ചിലപ്പോൾ ആവശ്യമായി വരും. ഇപ്പോൾ സെക്ഷൻ (5)-ൽ അത് ചോദ്യോത്തരസമയത്ത് വിശദീകരിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടാണ് ഞാൻ പറയാതിരുന്നത്. സെക്ഷൻ (5)-ൽ Restriction on transfer of lands and restoration of alienated lands:

"Section 5 states that notwithstanding anything to the contrary contained in any other law for the time being in force, or in any contract, custom or usage, or in any judgement decree or order of any court, any transfer of immovable property possessed, enjoyed or owned by a member of a Scheduled Tribe to a person other than a member of a Scheduled Tribe, effected on or after the 1st day of January 1960 and before the Commencement of this Act shall be deemed to be invalid." എന്നാണ്. ഇതു സംബന്ധിച്ചാണ് കേന്ദ്ര നിയമ വകുപ്പു ചില നിർദ്ദേശങ്ങളും തന്നിരുന്നത്; അതുകൂടി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കണമെന്നാണ് പറഞ്ഞിരുന്നത്. അതു മാത്രവുമല്ല ഈ സഭയിലെ പല അംഗങ്ങൾക്കും അറിയാവുന്നതാണ് ചില സ്ഥലങ്ങളിൽ ഈ ഭൂമി കൈമാറ്റം ചെയ്തു പോയിട്ടുണ്ട്. ഉദാഹരണത്തിന്, കാഞ്ഞിരപ്പള്ളിയിൽ ആയിരക്കണക്കിനു തൊഴിലാളികളുടെ കയ്യിൽ ഈ ഭൂമി ഇരിക്കുന്നുണ്ട്. ഈ നിയമത്തിന്റെ സ്പിരിറ്റ് എന്നു പറയുന്നത് ആദിവാസികളെ പുനരധിവസിപ്പിക്കുക എന്നുള്ളതാണ്. അന്യാധീനപ്പെട്ടുപോയ ഭൂമി കഴിയുന്നത്ര എടുത്തു കൊടുക്കണമെന്നും ഇവർ ആരും അലഞ്ഞുതിരിഞ്ഞു നടക്കാൻ ഇട വരരുതെന്നും ഇവരെ പുനരധിവസിപ്പിക്കണമെന്നും ആണ് ഗവൺമെന്റിന്റെ ഉദ്ദേശം. അവരെ പുനരധിവസിപ്പിക്കാൻ ഗവൺമെന്റ് എല്ലാ നടപടിയും സ്വീകരിക്കും. ഈ നിയമം നടപ്പാക്കുമ്പോൾ ഒരേക്കർകാരേയും രണ്ടേക്കർകാരേയും ഒഴിവാക്കണമെന്ന നിർദ്ദേശവും വന്നിട്ടുണ്ട്. അങ്ങനെ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ആവശ്യമായ, പരിമിതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഈ നിയമം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ നിയമം പാസായതിനു ശേഷം നടപ്പാക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടായി എന്നു പറഞ്ഞു. നമ്മുടെ രാജ്യത്ത് കാർഷിക പരിഷ്കരണ നിയമം വന്നതിനു ശേഷം രണ്ടും മൂന്നും ഏക്കറിനു താഴെ ഭൂമിയുള്ള ആളുകൾ രേഖാമൂലം വില കൊടുത്തു വാങ്ങിച്ച ഭൂമിയും, കഴിഞ്ഞ 19 കൊല്ലത്തിനു മുമ്പു വാങ്ങിച്ച ഭൂമിയും ഈ നിയമത്തിന്റെ പരിധിയിൽ പെടും. അങ്ങനെ വിലയ്ക്കു വാങ്ങിയ ഭൂമി തിരിച്ചെടുക്കുകയെന്നുള്ളത് പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമാണെന്നുള്ളതു മനസ്സിലാക്കി വൻകിട ഭൂവുടമകളെ ഒഴിച്ച് മറ്റു ചെറുകിടക്കാരുടെ കാര്യത്തിൽ അവർ വിലയ്ക്കു വാങ്ങിയതാണെങ്കിൽ അവരെ ഒഴിവാക്കുകയും പകരം ആദിവാസികൾക്ക് ഗവൺമെന്റ് ഭൂമി കൊടുക്കുകയും ചെയ്ത് ഈ പ്രശ്നം പരിഹരിക്കാനും ശ്രമിക്കുമോ?

ശ്രീ. ബേബിജോൺ: അങ്ങനെ പല നിർദ്ദേശങ്ങളുമുണ്ട്. പത്തും ഇരുപത്തഞ്ചും ഒരേക്കറും വാങ്ങിയ ആളുകളോട് ഒരു സമീപനം, ഏക്കറേജ് കൈവശമുള്ള ആളുകളോടു മറ്റൊരു സമീപനം. നിക്ഷിപ്ത വനഭൂമിയുടെ കാര്യത്തിൽ ഇങ്ങനെ ഒരു ചോദ്യം വന്നു. അവർക്കാണ് അതിൽ പ്രയോറിറ്റി കൊടുത്തത്. ഇവരെ പുനരധിവസിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. പക്ഷേ, ഈ നിയമത്തിൽ ഒരു ചെറിയ ഭേദഗതി വരുത്തേണ്ടതായിട്ടു വരും.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ നിയമം പാസാക്കിയതിനുശേഷം ഈ സംസ്ഥാനത്ത് ആദിവാസികളുടെ ഭൂമി കയ്യേറ്റം നടത്തിയതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചു?

ശ്രീ. ബേബിജോൺ: നിയമം പാസായതിനു ശേഷവും കയ്യേറ്റങ്ങളുണ്ടായതായി പരാതി കിട്ടിയിട്ടുണ്ട്. ഇങ്ങനെയുള്ള കയ്യേറ്റങ്ങൾ ഉടനടി തടയാനുള്ള ഇൻറിം നടപടി സ്വീകരിച്ചാൽ എന്താണെന്ന് ഗവൺമെന്റ് ആലോചിച്ചു. പക്ഷേ, അങ്ങനെ ഒരു നടപടി സ്വീകരിക്കുമ്പോൾ പഴയതെല്ലാം വിട്ടിരിക്കുന്നു എന്നുള്ള ഒരു ധാരണ വരുമെന്നു കരുതി നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വേഗം എല്ലാം ചെയ്യാമെന്നു വിചാരിച്ചു. അതുകൊണ്ടാണ് മറ്റു നടപടികൾ സ്വീകരിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ഓരോ സ്ഥലത്തും വ്യത്യാസമുണ്ട്. കാഞ്ഞിരപ്പള്ളിയിലെ കാര്യം മന്ത്രി പറഞ്ഞു. അട്ടപ്പാടിയിലെ ആദിവാസികൾക്ക് പുകയില കൊടുത്ത് ഭൂമി തട്ടിപ്പറിച്ചെടുത്തിട്ടുണ്ട്. അതു കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ നിയമം പ്രായോഗികമാക്കി നടപ്പിലാക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമിയും അന്യാധീനപ്പെട്ടു പോയിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം അട്ടപ്പാടിയിൽ ഹൗസിംഗ് സ്കീം മാത്രമല്ല കൃഷി ചെയ്തു താമസിക്കാനും പുനരധിവസിപ്പിക്കാനും ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. അട്ടപ്പാടിയിലെ പ്രശ്നം വളരെ സങ്കീർണ്ണമാണ്. ആയിരക്കണക്കിനു കുടുംബങ്ങളാണ് ആദിവാസികളുടെ സ്ഥലത്ത് ഇപ്പോൾ താമസിക്കുന്നത്. ആ വസ്തുത കണക്കിലെടുത്തു കൊണ്ട് ഒഴിപ്പിക്കുന്ന അവസരത്തിൽ അവർ തീരെ ഭൂമിയില്ലാത്തവരായി മാറുന്ന സാഹചര്യം ഉണ്ടാക്കാൻ ബുദ്ധിമുട്ടാണ്. അപ്പോൾ ഇതെല്ലാംകൂടി കണക്കിലെടുക്കണം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ അവസരത്തിൽ ഒരു കാര്യം പറയുകയുണ്ടായി. ആദിവാസികൾക്ക് ഭൂമി കൊടുക്കാനുള്ള ഒരു സംവിധാനമായിട്ടാണ് ഇതിനെ ഗവൺമെന്റ് കാണുന്നതെന്ന്. അത് ഖേദകരമാണ്. ആദിവാസികളുടെ ഭൂമി അവിഹിതമായി തട്ടിയെടുത്തതിനെതിരായിട്ടാണ് ഈ നിയമം കൊണ്ടുവന്നത്. അതിൽ സാമൂഹ്യമായ അനീതിയുണ്ട്. ആ അനീതി കെതിരായിക്കൂടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെന്നുള്ളതുകൊണ്ട് കേരള ഗവൺമെന്റ് ''പ്രോഡുലെൻഡ്'' എന്ന വാക്കുകൂടി ചേർത്തുകൊണ്ട്, അത്തരത്തിലുള്ള ഒരു ഭേദഗതികൂടി കൊണ്ടുവന്ന് ഈ നിയമം നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: സാമൂഹ്യമായ അനീതിയുണ്ടായിരുന്നു. അത് അവസാനിപ്പിക്കണമെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശം. അതുപോലെതന്നെ അവർക്കു നഷ്ടപ്പെട്ടുപോയ ഭൂമി കഴിയുന്നത്ര എടുത്തു കൊടുക്കണമെന്നും ഉണ്ട്. അങ്ങനെ എടുത്തു കൊടുക്കുന്ന അവസരത്തിൽ വേറെ കുറെ ആളുകൾ ഭൂരഹിതരായി തീരുന്ന സാഹചര്യം വരും. അയ്യായിരം ആളുകളെ ഒഴിപ്പിച്ച് ആ ഭൂമി എടുത്ത് പത്തോ ആയിരമോ പേർക്ക് കൊടുക്കുമ്പോൾ കൂടുതൽ ആളുകൾ ഭൂരഹിതരായി പ്രശ്നം സങ്കീർണ്ണമാകുന്നു. ഇതെല്ലാം പഠിച്ച് പ്രശ്നം ഒരു യോജിപ്പിലെത്തിപരിഹരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. കെ. സുകുമാരനുണ്ണി: നിയമം പാസ്സായതിനു ശേഷവും കൈമാറ്റം നടക്കുന്നതായി അറിയാമെന്നു പറഞ്ഞു. ഇങ്ങനെയുള്ള കൈമാറ്റങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി അങ്ങനെയുള്ള ആധാരങ്ങൾ നടത്തരുതെന്ന് റജിസ്ട്രാർമാർക്കു നിർദ്ദേശം കൊടുത്തുകൂടേ?

ശ്രീ. ബേബിജോൺ: നിർദ്ദേശം കൊടുത്തു ചെയ്യാൻ ഒക്കുന്ന കാര്യമല്ല. നിയമനിർമ്മാണമാണ് ആവശ്യം. ഇതു തടയണമെങ്കിൽ തടയുന്നതിനുള്ള നിയമനിർമ്മാണം വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: കൈമാറ്റം മാത്രമല്ല, കയ്യേറ്റവും നടക്കുന്നുണ്ടെന്നുള്ളതു പരിഗണിച്ച് ഇതു തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: കയ്യേറ്റമുണ്ടെങ്കിൽ ഗവൺമെൻറിന്റെ സകല വിധ സംരക്ഷണവും ആദിവാസികൾക്കു നൽകും എന്നാണ് എനിക്കു പറയാനുള്ളത്. അതാണ് ചെയ്യേണ്ടത്, അതു ചെയ്യും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതാണ് ചെയ്യേണ്ടത്. അടിമാലിയിൽ ആദിവാസികളുടെ ഭൂമിയും ഏലവും എല്ലാം കയ്യേറുകയും ആ കയ്യേറ്റക്കാർക്ക് സംരക്ഷണം കൊടുക്കാൻ പോലീസിനെ ഉപയോഗിക്കുകയും ചെയ്തതായി പരാതി ഞാൻ തന്നെ ഗവൺമെൻറിനു കൊടുത്തിട്ടുണ്ട്. അതിൻമേൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നടപടി എടുക്കേണ്ടതാണെന്നു പറയുന്ന മന്ത്രി അടിമാലിയിലെ ഈ കാര്യം പരിശോധിച്ച് കയ്യേറ്റക്കാർക്കെതിരായി നടപടി എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബിജോൺ: അങ്ങനെ ചില പരാതികൾ കിട്ടി. അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കയ്യേറ്റങ്ങൾ തടയണമെന്നു തന്നെയാണ് ഗവൺമെൻറിന്റെ ഖണ്ഡിതമായ അഭിപ്രായം. വിശേഷിച്ചും ദുർബല വിഭാഗമായ ആദിവാസികളെ ദ്രോഹിക്കുന്ന നടപടി ഫലപ്രദമായി തടയണമെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

സ്പെഷ്യലാഫീസറുടെ നിർദ്ദേശങ്ങൾ

*406 [430] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ പുനഃസംഘടനയും കാര്യക്ഷമമായ നടത്തിപ്പും ഉദ്ദേശിച്ചു കൊണ്ട് ഗവൺമെൻറ് നിയമിച്ച സ്പെഷ്യലാഫീസറുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) അവയിൽ എത്രയെണ്ണം ഗവൺമെൻറ് അംഗീകരിച്ചു നടപ്പിലാക്കി;

(സി) ബാക്കി ശുപാർശകൾ അംഗീകരിച്ചു കഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്ത്;

(ഇ) അവ എന്നു നടപ്പിലാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ മുതൽ ഇ വരെ): കോർപ്പറേഷന് അഞ്ചു മേഖലകൾ രൂപീകരിക്കണമെന്നും മേഖലാ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകൾ സ്ഥാപിച്ച് റിപ്പയറിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും മേഖലയുടെ ചുമതലയുള്ള ഉദ്യോഗസ്ഥനു കാര്യക്ഷമമായ നടത്തിപ്പിനു വേണ്ട അധികാരങ്ങൾ—താഴെയുള്ള ഉദ്യോഗസ്ഥൻമാരുടെ മേലുള്ള ശിക്ഷണ നടപടിയുടെ കാര്യത്തിലുൾപ്പെടെ—നൽകണമെന്നും സാമ്പത്തി

LIBRARY ARCHIVES Kerala Legislative Assembly